ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് റേഷൻ കടകളിലൂടെ നൽകിവരുന്ന ഭക്ഷ്യസാധനങ്ങൾ

40 [3384] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളിലൂടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഇപ്പോൾ നൽകി വരുന്ന ഭക്ഷ്യധാന്യങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ; അതിൽ കേന്ദ്രവിഹിതം എത്ര എന്നും സംസ്ഥാന വിഹിതം എത്ര എന്നും വ്യക്തമാക്കുമോ;

(ബി) നേരത്തെ നൽകി വരുന്ന സംസ്ഥാന വിഹിതം ഇപ്പോൾ കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) റേഷൻ വിഹിതം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സംസ്ഥാന ഗവൺമെന്റ് കൈക്കൊള്ളുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) റേഷൻ കടയിലൂടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാർഡ് ഉടമകൾക്ക് പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിൽ 75 ശതമാനം അരിയും 25 ശതമാനം ഗോതമ്പും ആണ്. എന്നാൽ കേന്ദ്രസർക്കാരിന്റെ കണക്കുപ്രകാരം 10.822 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി അനുവദിക്കുന്ന 38062 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാർ കണ്ടെത്തിയ 15.74 ലക്ഷം കുടുംബങ്ങൾക്കായി വീതിച്ചു നൽകുമ്പോൾ പ്രതിമാസം കാർഡൊന്നിന് 24 കിലോഗ്രാം ഭക്ഷ്യധാന്യങ്ങൾ മാത്രമേ വിതരണം ചെയ്യാൻ കഴിയുന്നുള്ളൂ. കാർഡ് ഉടമകൾക്ക് വിതരണം ചെയ്യുന്ന മുഴുവൻ ഭക്ഷ്യധാന്യങ്ങളും കേന്ദ്ര വിഹിതത്തിൽ നിന്നാണ്. സംസ്ഥാന വിഹിതം ഇല്ല.

(ബി) ഇല്ല. എന്നാൽ 1996-97 മുതൽ 2000-01 വർഷം വരെ കാർഡ് ഉടമകൾക്ക് കിലോഗ്രാമിന് ഒരു രൂപ വീതം സംസ്ഥാന സർക്കാർ സബ്സിഡി അനുവദിച്ച് നൽകിയിരുന്നത് നിർത്തലാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ബി.പി.എൽ. കാർഡ് ഉടമകൾക്ക് അർഹമായ തോതിൽ ഭക്ഷ്യധാന്യം വിതരണം നടത്തുന്നതിന് പ്രതിമാസം 55083 മെട്രിക് ടൺ ഭക്ഷ്യധാന്യം ആവശ്യമാണ്. എന്നാൽ കേന്ദ്ര സർക്കാർ നൽകുന്നത് അരിയും ഗോതമ്പുമായി 38062 മെട്രിക് ടൺ ഭക്ഷ്യധാന്യമാണ്. ആയതിനാൽ കൂടുതലായി വേണ്ടിവരുന്ന ഭക്ഷ്യധാന്യം അനുവദിച്ചു തരണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly